ചിറ്റൂർ ആസ്പത്രി

* ൧൯൨. (൨൧) ശ്രീ. എ. പി. ശിവരാമകൃഷ്ണൻ : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ചിറ്റൂർ ആസ്പത്രിയിൽ ഇപ്പോൾ എത്ര കിടക്കകൾ ഉണ്ട് ?

ശ്രീ. എ. ജെ. ജാൺ : ൪൫ കിടക്കകൾ ഉണ്ട്.

ശ്രീ. എ. പി. ശിവരാമകൃഷ്ണൻ : കിടക്കകൾ പോരാത്തതുകൊണ്ട് രോഗികൾ പായിലും ചാക്കിലും കിടക്കുന്നതായി അറിയാമോ ?

ശ്രീ. എ. ജെ. ജാൺ : ചില സ്ഥലങ്ങളിലെല്ലാം കിടക്കകൾ പോരാതെയുണ്ട്.

തിരുവിതാംകൂർ ബാങ്ക്

* ൧൯൩. (൨൨) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ : താഴെ കാണുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ധനകാര്യവും ദേവികുതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) 'തിരുവിതാംകൂർ ബാങ്ക്' പ്രവർത്തനം ആരംഭിച്ചത് എന്നാണെന്ന പ്രസ്താവിക്കുമോ ;

(ബി) പ്രസ്തുത ബാങ്കിൽനിന്ന സർക്കാരിന് ഇതിനകം എന്തെങ്കിലും ആദായം ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്ര ശതമാനമെന്നും ഏതേതുവർഷങ്ങളിൽ എന്നും വെളിപ്പെടുത്തുമോ ?

ശ്രീ. എ. ജെ. ജാൺ :

(എ) ൧൯— ൨— ൧൩ ൪ന-ൽ.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

സാഹിബ് ബഹദൂർ മഹമ്മദ് മുസ്തഫാ : ഓഹരിയെടുത്തിട്ടുള്ളതിനു പുറമേ ആ ബാങ്കിൽ സർക്കാരിന്റെ എന്തു തുക നിക്ഷേപിച്ചിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. എ. ജെ. ജാൺ : ഏകദേശം ഒരു കോടി എഴുപതു ലക്ഷം രൂപ.

സാഹിബ് ബഹദൂർ മുഹമ്മദ് മുസ്തഫാ : അതിനു എന്തു പലിശക്രമമാണുള്ളത്.

ശ്രീ. പി. ജെ. ജാൺ : കറൻറ് അക്കൌണ്ടിനു ഒരു പലിശയും അല്ലാതുള്ളതിനു രണ്ടര പലിശയും.

ശ്രീ. എ. കെ. പാപ്പുപിള്ള : ആ ബാങ്കിന്റെ പ്രവർത്തനത്തിൽ ലാഭമില്ലെന്നാണോ പറയുന്നത് ?

ശ്രീ. എ. ജെ. ജാൺ : ൧൯൨൯ ഡിസമ്പറിലെ ബാലൻസ് ഷീറ്റനുസരിച്ച് ൨ ലക്ഷത്തിൽ ശിഷ്ടം രൂപാ ആദായമുണ്ട്.

ശ്രീ. എ. കെ. പാപ്പുപിള്ള : ആ ബാങ്കിന്റെ മാക്കറ് ഷെയർവാല്യു എന്താണ് ?

ശ്രീ. എ. ജെ. ജാൺ : ഇപ്പോൾ ൧൨ രൂപാ, ൫ അണ ആണെന്നാണ് അറിയുന്നത്.

ശ്രീ. ഇട്ടീര അമ്പുക്കൻ : കൊല്ലത്തോടം ഡിവിഡണ്ട് ഡിക്ലെയർ ചെയ്യാറില്ലേ?

ശ്രീ. എ. ജെ. ജാൺ : ഡിക്ലയർ ചെയ്തിട്ടില്ല.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ് : സർക്കാർ നിയമിച്ച എത്രയധികം ഡയറക്ടർമാർ ആ ബാങ്കിനുണ്ട് ?

ശ്രീ. എ. ജെ. ജാൺ : ഒരു ഡയറക്ടർ.

Sahib Bahadur A. M. Mustaffa : May I know whether the Government investments exeeds the capital and whether it is a policy.....

Mr. Speaker : That is a matter of opinion. These details are not relevant.

ശ്രീ. പാമ്പ തളിയത്തു് : ആ ബാങ്കിന്റെ ഷെയർ മാക്കറ്റിൽ നിന്നും സർക്കാർ വാങ്ങിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജാൺ : വാങ്ങിയിട്ടുണ്ട്.

ശ്രീ. പാഠം തളിയത്തു് : എത്ര ഷെയർ വാങ്ങിച്ചു എന്നു പറയാമോ ?

ശ്രീ. എ. ജെ. ജാൺ : ഇപ്പോൾ അതു പറയാൻ നിവൃത്തിയില്ല.

ശ്രീ. പാഠം തളിയത്തു് : എന്തു വിലവച്ചാണു് ഷെയർ വാങ്ങിയിട്ടുള്ളതു് ?

ശ്രീ. എ. ജെ. ജാൺ : ഫ്രാ ശ്രപ ര അണമുതൽ ഫ ഠ ശ്രപവരെ വിലവച്ചു വാങ്ങിയിട്ടുണ്ടു്.

ശ്രീ. പാഠം തളിയത്തു് : അതു് ഏതു ബ്രോക്കേഴ്സു് മുഖാന്തിരമാണു് വാങ്ങിയിട്ടുള്ളതു്.

ശ്രീ. എ. ജെ. ജാൺ : പലരിൽനിന്നും വാങ്ങിയിട്ടുണ്ടു്.

മന്നാംഗ്രേഡു് കാളേജുസ്ഥാപനം

* ൺ ര. (ഫ മ) സാഹിബു് ബഹദൂർ എ. എം. മുസ്തഫാ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവും തൊഴിലും വകുപ്പു് മന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊല്ലം ബിഷപ്പു് കൊല്ലത്തു് ഒരു മന്നാംഗ്രേഡു് കാളേജു് സ്ഥാപിക്കുന്നതിനു് അപേക്ഷിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിപ്പോൾ ഏതു നിലയിൽ ഇരിക്കുന്നു എന്നു പ്രസ്താവിക്കുമോ ;

(സി) ടി കാളേജിനു് അനുവാദം നൽകുവാൻ ഗവൺമെണ്ടു് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ :

(എ) അപേക്ഷിച്ചിട്ടുണ്ടു്.

(ബി) ആ അപേക്ഷ ഗവൺമെണ്ടിന്റെ പരിഗണനയിൽ ഇരിക്കുന്നു.

സാഹിബു് ബഹദൂർ മഹമ്മദു് മുസ്തഫാ : ഈ കാര്യത്തിൽ ഒരു തീരുമാനം എടുക്കുന്നതിനു് ഗവൺമെണ്ടു് ഇത്രയധികം താമസിക്കുന്നതെന്താണെന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: താമസിച്ചിട്ടില്ല. അടുത്തു മാത്രമാണു് യൂണിവേഴ്സിറ്റി റിപ്പോർട്ടു കിട്ടിയിട്ടുള്ളതു്.

സാഹിബു് ബഹദൂർ മഹമ്മദു് മുസ്തഫാ :എത്രകാലത്തിനകം ഇതിനു ഒരു തീരുമാനം എടുക്കാൻ ഗവൺമെണ്ടിനു സാധിക്കുമെന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കഴിയുന്നതും വേഗം തീരുമാനം എടുക്കാം.

Sri. P. Balakrishnan Tampi : May I know whether the Honourable Member implies that there is interference of the Government in this matter ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എന്നില്ല.

Sri. K. P. Neelakanta Pillai : Are Government aware that there is a strong opinion in the country against granting permission for more colleges at present ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെയുള്ള അഭിപ്രായങ്ങളും കേട്ടിട്ടുണ്ടു്.

സാഹിബു് ബഹദൂർ മഹമ്മദു് മുസ്തഫാ : അടുത്ത വിദ്യാലയവർഷത്തിനകം ഇതു സംബന്ധിച്ചു് ഏതെങ്കിലും തീരുമാനം എടുക്കാൻ ഗവൺമെണ്ടു് വിചാരിക്കുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഗവൺമെണ്ടു് ആലോചിച്ചുകൊണ്ടിരിക്കയാണു്. വളരെവേഗം തീരുമാനം ചെയ്യാം.

ശ്രീ. സി. സി. പ്രസാദു് : കൊല്ലത്തു് ഒന്നിലധികം കാളേജിന്റെ ആവശ്യമുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതാണു് ഇതിലടങ്ങിയിരിക്കുന്ന പ്രശ്നം.

MASTER OF LAW DEGREE

***795.** [24] **Sri N. V. Chacko :** Will the Hon'ble Minister for Education be pleased to state.—

(*a*) whether the Government have received any recommendation from the Syndicate of of the Travancore University to alter Section 2 of Chapter VIII of the statute regulating Master

LIBRARY ARCHIVES Kerala Legislative Assembly